24 സ്പെഷ്യൽ ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികളും എൻ.ഐ. ആക്ട് സംബന്ധിച്ച കേസുകൾക്കായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ കോടതികളും ഉൾപ്പെടെ ആകെ 27 കോടതികൾ സ്ഥാപിക്കാനാണ് അനുമതി നൽകിയിട്ടുള്ളത്. ഇവയുടെ ലൊക്കേഷൻ, അധികാരപരിധി എന്നിവ സംബന്ധിച്ച് ഹൈക്കോടതി അന്തിമതീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. ഹൈക്കോടതി സമർപ്പിക്കുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടി കോടതികൾ സ്ഥാപിക്കുന്ന കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്.

### ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ സ്ഥാപിച്ച ഗ്രാമന്യായാലയങ്ങൾ

36 (3589) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

നീതിന്യായസംവിധാനം ജനങ്ങളിൽ എത്തിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ എത്ര ഗ്രാമന്യായാലയങ്ങൾ നടപ്പ് വർഷം സ്ഥാപിച്ചു ; അത് എവിടെയൊക്കെയെന്നും വ്യക്തമാക്കുമോ ?

### ഉത്തരം

സംസ്ഥാനത്ത് നടപ്പ് വർഷം ഗ്രാമന്യായാലയങ്ങൾ ഒന്നും സ്ഥാപിച്ചിട്ടില്ല.

### ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

37 (3590) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുടെ കഴിഞ്ഞ മൂന്ന് ദശാബ്ദ കാലത്തെ പ്രവർത്തനം വിലയിരുത്തുവാനും മെച്ചപ്പെടുത്തുവാനും ഒരു ശാസ്ത്ര സാങ്കേതിക കമ്മീഷനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾക്ക് മുമ്പുണ്ടായിരുന്ന സ്വയം ഭരണാവകാശം പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിലുള്ള സി.ഡബ്ല്യു.ആർ.ഡി.എം. ലെയും മറ്റ് സഹോദരസ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് അർഹമായ ഒൻപതാം ശമ്പള കമ്മീഷൻ ആനുകൂല്യം ഇതുവരെയും നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; എപ്പോൾ നടപ്പിലാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) 2012 ഡിസംബർ മാസത്തിൽ വിജ്ഞാപനം ചെയ്ത സി.ഡബ്ല്യു. ആർ.ഡി.എം.ലേയ്ക്കുള്ള സ്ഥിരം ഡയറക്ടർ നിയമനം വൈകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; നിയമനം അടിയന്തരമായി നടത്തുവാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സി.ഡബ്ല്യു.ആർ.ഡി.എം.-ലെ കേന്ദ്ര ശമ്പള നിരക്ക് ബാധകമായ ജീവനക്കാർക്കും വിരമിച്ച ജീവനക്കാർക്കും കൊടുത്തുതീർക്കുവാനുമുള്ള 2006 മുതലുള്ള ശമ്പള പരിഷ്കരണത്തിന്റെയും അസസ്സ്മെന്റ് പ്രൊമോഷന്റെയും കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഈ തരത്തിലുള്ള നിർദ്ദേശം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഒൻപതാം ശമ്പളക്കമ്മീഷൻ പ്രകാരമുള്ള ആനുകൂല്യങ്ങൾ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലും അനുബന്ധ ഗവേഷണ കേന്ദ്രങ്ങളിലും നടപ്പിലാക്കുന്നതിനായുള്ള സർക്കാർ ഉത്തരവും കൗൺസിൽ ഉത്തരവും 2013 ജനുവരിയിൽ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ശമ്പള പരിഷ്ക്കരണത്തിന്റെയും അസസ്സ്മെന്റ് പ്രൊമോഷന്റെയും കുടിശ്ശിക വിതരണം ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ 1200 ലക്ഷം രൂപ അഡീഷണൽ ഗ്രാന്റായി നൽകുകയും സി.ഡബ്ല്യു.ആർ.ഡി.എം.-ൽ വിഹിതം നൽകുകയും ചെയ്തിട്ടുണ്ട്.

**ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസസ്**

38 (3591) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസസിന്റെ പ്രവർത്തനത്തിന് ആരംഭം കുറിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നത് ;

(ഡി) ഏതെല്ലാം കോഴ്സുകളാണ് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന നടത്താൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly